**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1717** — **29-09-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ഫണ്ട് അനുവദിച്ചുവെന്ന് വിശദമാക്കാമോ? | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ പാണാവള്ളി, അരൂക്കുറ്റി, ചേന്നംപള്ളിപ്പുറം, പെരുമ്പളം ഗ്രാമപഞ്ചായത്തുകളിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.**<br><br>**പാണാവള്ളി ഗ്രാമപഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം കേരഗ്രാമം പദ്ധതി ആരംഭിക്കുകയും 2023-2024സാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിക്കുകയുംചെയ്തു. ഒന്നാം വർഷ പദ്ധതിക്കായി 50,17,000/- രൂപയും രണ്ടാം വർഷ പദ്ധതിക്കായി 20,00,000/- രൂപയും മൂന്നാം വർഷ പദ്ധതിക്കായി 3,03,754/- രൂപയും അനുവദിച്ചിരുന്നു. ആകെ 73,20,754രൂപ ചെലവഴിച്ചു.**<br><br>**അരൂക്കുറ്റി ഗ്രാമപഞ്ചായത്തിൽ 2022-2023 സാമ്പത്തിക വർഷം കേരഗ്രാമം പദ്ധതി ആരംഭിക്കുകയും 2024-2025 സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഒന്നാം വർഷ പദ്ധതിക്കായി 25,67,000/- രൂപയും രണ്ടാം വർഷ പദ്ധതിക്കായി 8,00,000/- രൂപയും മൂന്നാം വർഷ പദ്ധതിക്കായി 82,200/- രൂപയും അനുവദിച്ചിരുന്നു. ആകെ 34,49,200രൂപ ചെലവഴിച്ചു.**<br><br>**ചേന്നംപള്ളിപ്പുറംഗ്രാമപഞ്ചായത്തിൽ 2024-2025സാമ്പത്തിക വർഷം കേരഗ്രാമം പദ്ധതി ആരംഭിച്ചു. കേരഗ്രാമം ഒന്നാം വർഷ പദ്ധതികൾക്കായി 25.67 ലക്ഷംരൂപ 2025-26 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.**<br><br>**പെരുമ്പളം ഗ്രാമപഞ്ചായത്തിൽ 2025-2026 സാമ്പത്തിക വർഷം കേരഗ്രാമം പദ്ധതി ആരംഭിച്ചു. വാർഡ് തല കേരസമിതികൾ രൂപീകരിച്ചു.** |

| | | | |
|---|---|---|---|
| | | | **പഞ്ചായത്ത് തല കേരസമിതി രൂപീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.** |

സെക്ഷൻ ഓഫീസർ